(ജി) സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ സമാധാനപരമായ അന്തരീക്ഷം നടപ്പാക്കുന്നതിന് തൊഴിൽ വകുപ്പിൽ വിവിധതലത്തിൽ അനുരഞ്ജന ഉദ്യോഗസ്ഥൻമാരുണ്ട്. ഇവർ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചുകൂട്ടി തൊഴിൽ തർക്കങ്ങൾ രമ്യമായി പരിഹരിക്കുവാൻ ശ്രമിക്കുന്നു. പരിഹരിക്കാൻ പറ്റാതെ വരുന്ന തർക്കങ്ങൾ തൊഴിൽ കോടതികളുടെ തീർപ്പിന് വിടുന്നു. വ്യാവസ്യായികാടിസ്ഥാനത്തിൽ ഉണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ പരിഹരിക്കാൻ തോട്ടം വ്യവസായം, ടെക്സ്റ്റൈൽസ്, കയർ, കശുവണ്ടി, ബീഡി-സിഗാർ, കള്ളുചെത്ത്, കുട്ടനാട്-പാലക്കാട് കാർഷിക മേഖല, മദ്യ വ്യവസായം, ലോറി വ്യവസായം, ടിംബർ, പ്ലൈവുഡ്, പൊതുവിതരണം, ഇ. എസ്. ഐ. തുടങ്ങിയ തൊഴിൽ മേഖലകളിൽ തൊഴിലാളി-മുതലാളി പ്രതിനിധികളടങ്ങുന്ന വ്യവസായ ബന്ധ സമിതികളും ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നു.

'ഗഹാൻ' സമ്പ്രദായം

25 (*355) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഗഹാൻ' സമ്പ്രദായം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിക്ക് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(സി) 'ഗഹാൻ' സമ്പ്രദായം സഹകരണ നിയമത്തിന്റെ ഭാഗമാക്കുവാൻ ആലോചിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ അതുകൊണ്ടുള്ള നേട്ടം വിശദീകരിക്കുമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) വായ്പ എന്ന നിലയിൽ മുൻകൂർ നൽകിയ/നൽകേണ്ട പണയത്തിന്റെ ഉറപ്പിലേയ്ക്കായി കടം വാങ്ങുന്നവർ പ്രാഥമിക കാർഷികവികസന ബാങ്കിന്റെ പേർക്ക്, രേഖാമൂലമുള്ള ഒരു പ്രഖ്യാപനം വഴി സ്ഥാവരമോ ജംഗമമോ ആയ വസ്തുക്കളിൽ ഏർപ്പെടുത്തുന്നതും നിയമാനുസൃതമായ ഒരു പണയത്തിന്റെ എല്ലാ സ്വഭാവങ്ങളും ഉള്ളതുമായ ഒരു പ്രത്യേക ചാർജ്ജ് ആണ് ഗഹാൻ.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും സ്വത്ത് പണയത്തിന്മേൽ വായ്പ എടുക്കുമ്പോൾ പണയാധാരം സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസവും ബുദ്ധിമുട്ടും ഗഹാൻമൂലം ഒഴിവായിക്കിട്ടും എന്നതിനാൽ വായ്പ പെട്ടെന്നു ലഭിക്കും. കൂടാതെ വായ്പ അടച്ചുതീർക്കുമ്പോൾ പണയവസ്തു റിലീസ് ചെയ്യുന്നതിനുള്ള കാലതാമസവും മാറിക്കിട്ടും.

LIBRARY ARCHIVES Kerala Legislative Assembly